(ശ്രീമതി കെ. ആർ. സരസ്വതി അമ്മയും അവരുടെ പാർട്ടിയും സഭയിൽനിന്ന് ഇറങ്ങിപ്പോയി.)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെക്കാലമായി അവിടെ സംഘർഷാവസ്ഥ നിലവിലുണ്ടായിരുന്നിട്ടും പോലീസിന്റെ ഭാഗത്തുനിന്നും അത് ഒതുക്കാൻ കാര്യമായൊന്നും നടത്തിക്കാണുന്നില്ല. പത്ത് മുന്നൂറ് ആളുകളും സംഘമായി വന്ന് ആക്രമണം നടത്തിയിട്ട് പോലീസ് ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ ഉണ്ടായിരുന്നിട്ടും അത് ഒഴിവാക്കാൻ വേണ്ടിയാതൊരു ശ്രമവും നടത്തിയിട്ടില്ല. വളരെക്കാലമായി നിയമസഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അങ്ങനെയൊന്നും ഉണ്ടാവുകയില്ലെന്ന് ഉറപ്പു പറഞ്ഞിട്ടും വീണ്ടും സംഘട്ടനം ഉണ്ടായിരിക്കുകയാണ്. ഈ സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും അതിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

II. ശ്രദ്ധക്ഷണിക്കൽ

(i) കോളേജദ്ധ്യാപകരുടെ ആവശ്യങ്ങൾ

ശ്രീ. സി. ബി. സി. വാര്യർ: സർ, ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ സ്വകാര്യ കോളേജ് അദ്ധ്യാപകരും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരും സർവകലാശാലാ സെന്ററുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരും നടത്തിവന്ന പണിമുടക്ക് സംയുക്ത സമരസമിതിക്ക് ഗവൺമെന്റ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 28-ാം തീയതി പിൻവലിക്കുകയുണ്ടായി. അന്നു നൽകിയ പ്രധാനപ്പെട്ട ഉറപ്പുകളും യു. ജി. സി. സ്കെയിൽ നടപ്പിലാക്കണമെന്നതായിരുന്നു. യു. ജി. സി. കേന്ദ്ര ഗവൺമെന്റുമായും ചർച്ച ചെയ്തുകൊണ്ട് സ്വകാര്യകോളേജ് രംഗത്ത് നിയമനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന കമ്മ്യൂണൽ റൊട്ടേഷനും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന്റെ രംഗത്ത് നിലനിൽക്കുന്ന സംവരണ തത്വങ്ങളും അംഗീകരിക്കുന്നതിന് യു. ജി. സിയും കേന്ദ്ര ഗവൺമെന്റും തയ്യാറാകുന്ന പക്ഷം അതുപോലെ തന്നെ യു. ജി. സി. യും കേന്ദ്ര ഗവൺമെന്റും സാമ്പത്തിക സഹായം നൽകിയും യു. ജി. സി. സ്കെയിൽ നടപ്പിലാക്കുന്നതിന് സമ്മതിക്കുന്ന പക്ഷം അത് നടപ്പിലാക്കാമെന്നും അതിനുവേണ്ടിയുള്ള ചർച്ചകളും ആറ് മാസത്തിനകം പൂർത്തിയാക്കാം എന്നുമായിരുന്നു പ്രധാനപ്പെട്ട ഉറപ്പ്. അത്തരത്തിൽ യു. ജി. സി. യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും സമ്മതത്തോടുകൂടി നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ ബദൽ ക്രമീകരണം എന്നുള്ള നിലക്ക് കോളേജിൽ നോൺ കേഡർ ഒന്നാംഗ്രേഡ് പ്രൊഫസർ സ്ഥാനം സൃഷ്ടിക്കുന്നതിനും ജൂനിയർ ലക്ചറർ സ്ഥാനം സൃഷ്ടിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകി. അതിനുപുറമേ നോൺ കേഡർ രണ്ടാം ഗ്രേഡ് പ്രൊഫസർമാരുടെ നിയമനത്തിനുവേണ്ട 13 വർഷത്തെ സർവീസ് കണക്കാക്കുന്നതിന്, ജൂനിയർ ലെക്ചറൻമാരായും ട്യൂട്ടർമാരായും പ്രവർത്തിച്ച കാലയളവുകൂടി കണക്കിലെടുക്കാമെന്ന് ഉറപ്പു നൽകിയിരുന്നു. സർവകലാശാലകളിൽ (കേരള യൂണിവേഴ്സിറ്റിയുടെയും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെയും കാലിക്കട്ട്

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയുടെയും യൂണിവേഴ്സിറ്റി സെൻറുകളിൽ) പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ ശമ്പളത്തിലെ അപാകതകളും പരിഹരിക്കാമെന്ന് ഉറപ്പു നൽകിയിരുന്നു. ഒരു ദിവസത്തെ പരീക്ഷയുമായി ബന്ധപ്പെട്ട ജോലികളിൽ പങ്കെടുക്കാതെ പണി മുടക്കിയതിൽ അറുപതു ദിവസത്തെ ശമ്പളം നഷ്ടപ്പെടും എന്ന വ്യവസ്ഥ റദ്ദു ചെയ്യാൻ നടപടി സ്വീകരിക്കാമെന്നു അന്നവർക്ക് ഉറപ്പുനൽകിയിരുന്നു. കോർപ്പറേറ്റു മാനേജുമെൻറുകളിൽ യാതൊരു മാനദണ്ഡത്തിനും വിധേയമല്ലാതെ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ഫറുകളും നിയന്ത്രിക്കുന്നതിനു വേണ്ടി യൂണിവേഴ്സിറ്റി ആക്ടിലെ 64-ാം വകുപ്പു നടപ്പിൽവരുത്താനും അതനുസരിച്ച് ചട്ടമുണ്ടാക്കാനും നടപടി സ്വീകരിക്കുന്ന കാര്യവും പരിഗണിക്കാമെന്നും അതനുസരിച്ച് വേണ്ട നടപടി സ്വീകരിക്കാമെന്നും ഉറപ്പു നൽകിയിരുന്നു. സർ, ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ആ പണിമുടക്കുകാലത്തെ അവരുടെ ശമ്പളം നൽകുന്നതു സംബന്ധിച്ച് ഇന്നും തീരുമാനമെടുത്തിട്ടില്ല. അത് വിത്ത്ഹെൽഡ് ചെയ്തിരിക്കുകയാണ്. എനിക്ക് ലഭിച്ച വിവരമനുസരിച്ച്, സംയുക്തസമരസമിതിയുടെ നിർദ്ദേശപ്രകാരം പണിമുടക്കിൽനിന്നു വ്യക്തമായി. ഒഴിവാക്കപ്പെട്ടു നിർത്തിയിരുന്ന പ്രൊവിഷണൽ അദ്ധ്യാപകരും പ്രൊഫഷണൽ കോളേജുകളിലെ അദ്ധ്യാപകരും ഒഴികെ ബാക്കിയുള്ള അദ്ധ്യാപകരിൽ സ്വകാര്യ കോളേജുകളിൽ 65 ശതമാനത്തിലുപരിയും ഗവൺമെൻറ് കോളേജുകളിൽ 70 ശതമാനത്തിലുപരിയും പണിമുടക്കിലേർപ്പെട്ടിരുന്നു. തന്നെയുമല്ലാ, പണിമുടക്കുകാലത്തു ജോലിചെയ്യാതിരുന്നതിൻെറ ഫലമായി സിലബസ് തീർക്കുന്ന കാര്യത്തിൽ വന്ന കുറവ് അദ്ധ്യയനവർഷമവസാനിക്കുന്നതിനു മുൻപ് പരിഹരിച്ചുകൊള്ളാമെന്ന് സംയുക്ത സമരസമിതിയും സംഘടനകളും ഗവൺമെൻറിനു ഉറപ്പു നൽകുകയും അതനുസരിച്ച് ജോലി ചെയ്തു തീർക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച്, പിടിച്ചുവച്ച ശമ്പളം നൽകുന്നതിന് അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്. നൽകിയ ഉറപ്പുകളും നടപ്പിലാക്കാൻ ആറുമാസത്തിനുള്ളിൽ നടപടികളുണ്ടാകുമെന്നാണ് ഗവൺമെൻറ് ഉറപ്പു നൽകിയിരുന്നത്. ഈ 23-ാം തീയതിയാകുമ്പോൾ ആറുമാസം തികയും. അടിയന്തിരമായി ഗവൺമെൻറിൻെറ ശ്രദ്ധ ഇതിൽ പതിയുകയും അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുകയും വേണം. സർ, ഇത് ഓർമ്മിപ്പിക്കാൻ ഇന്നലെ സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയറ്റു പടിക്കൽ അദ്ധ്യാപകർ ധർണ നടത്തി. ഇനിയും ഉറപ്പു നടപ്പിലാക്കികിട്ടാൻ മറ്റൊരു പ്രക്ഷോഭണത്തിലേക്ക് അവരെ നീക്കാതെ അടിയന്തിരമായി ഉറപ്പുകളും നടപ്പിലാക്കാനും പിടിച്ചുവച്ച ശമ്പളം നൽകാനും നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്ത് ഒരു വിഭാഗം അദ്ധ്യാപകർ നടത്തിയ സമരത്തെത്തുടർന്ന് അദ്ധ്യാപക സംഘടനകളുമായി ചില ഒത്തു തീർപ്പുകളുണ്ടാക്കിയിരുന്നു. അത് പ്രാവർത്തികമാക്കണമെന്നും വളരെവേഗം നടപ്പാക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപകരിപ്പോൾ ധർണ നടത്തിയെന്നു പറയുന്നു. പ്രധാനമായും യു. ജി. സി. സ്കെയിൽ ആയിരുന്നു പ്രശ്നം. തത്വത്തിൽ അത് അംഗീകരിച്ചുകൊണ്ട്, കേന്ദ്ര ഗവൺമെൻറ് നമ്മുടെ ചില നിർദ്ദേശങ്ങളും സമ്മതിച്ചാൽ നടപ്പാക്കാം എന്നു പൊതുവായ നയമാണ് ഗവൺമെൻറ് സ്വീകരിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്തു നിലവിലുള്ള പ്രത്യേകതകളും ഇൻഡ്യയിലെ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിലൊരിടത്തും ഇല്ല. പ്രൈവറ്റ് മേഖലയും നിയമന രീതിയും ഒക്കെ ആ വിധത്തിലാണ്. ഈ ആവശ്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി കത്തിടപാടുകളും നടത്തി. ഞാൻ തന്നെ കേന്ദ്ര വിദ്യാഭ്യാസമന്ത്രിയെ കണ്ടു ചർച്ചചെയ്തു. നിർഭാഗ്യവശാൽ, കേരളം സ്വീകരിച്ചിരിക്കുന്ന നിലപാടിനോട് കേന്ദ്ര ഗവൺമെന്റ് യോജിക്കുന്നില്ല. വളരെ അസിന്നിഗ്ദ്ധമായി അദ്ദേഹം ആ ചർച്ചയിൽ വെളിപ്പെടുത്തിയതാണ്, കേന്ദ്രം സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന തത്വങ്ങളിൽ നിന്ന് കാര്യമായി വ്യതിചലിച്ചുകൊണ്ടുള്ള ഒരേർപ്പാടിന് കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം ചെയ്യുകയില്ല എന്ന്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായമില്ലാതെ ഇന്നത്തെ സ്ഥിതിയിൽ യു. ജി. സി. സ്കെയിൽ നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്. തീർച്ചയായും വീണ്ടും ഇക്കാര്യം കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ച് തുടർന്നു നടപടികളെടുക്കും. അതേസമയം തന്നെ മറ്റു സംവിധാനത്തെക്കുറിച്ചാലോചിക്കാമെന്നും അദ്ധ്യാപക സംഘടനകളുമായുള്ള ചർച്ചയിൽ പറഞ്ഞിരുന്നു. ആ വഴിക്കുള്ള നടപടികളും നീക്കുന്നുണ്ട്. ഗവൺമെന്റു പറഞ്ഞ വാക്കിൽനിന്നു പുറകോട്ടു പോകുകയില്ല. അവരുടെ ന്യായമായ അവകാശങ്ങളും അനുവദിക്കാൻ പരമാവധി പരിശ്രമിക്കാം. അവരുടെ എല്ലാ ഡിമാൻറിനെയും കുറിച്ച് ഇപ്പോഴും പറയാൻ ഞാനുദ്ദേശിക്കുന്നില്ല. പരീക്ഷയെ സംബന്ധിച്ച്, യൂണിവേഴ്സിറ്റി ആക്ടിൽ ചില ഭേദഗതികളും വേണമെന്നു പറഞ്ഞു, ഞാൻ ഈ സഭയിൽത്തന്നെ മുൻപു പറഞ്ഞിട്ടുള്ളതാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ കൊണ്ടു വന്ന ഒരു നിയമമായിരുന്നു അത്. അത് അതേപടി നിലനിർത്തണമെന്ന് ഗവൺമെന്റിനു അന്നും ആഗ്രഹമില്ലായിരുന്നു. ഇപ്പോഴുമില്ല. പക്ഷെ ഒരു കാര്യത്തിൽ നിർബന്ധമുണ്ട്. അദ്ധ്യാപകരുടെ ജോലിയുടെ ഒരു ഭാഗമാണ് പരീക്ഷ നടത്തിപ്പും പരീക്ഷക്കടലാസുകൾ നോക്കുന്നതും എന്നുള്ളത് അദ്ധ്യാപകർ സമ്മതിക്കണം. വർഷാവസാനമാകുമ്പോൾ പരീക്ഷയ്ക്കു സഹകരിക്കാതിരിക്കുക, പരീക്ഷക്കടലാസുകൾ നോക്കാതിരിക്കുക—അങ്ങനെയുള്ള സമ്മർദ്ദതന്ത്രങ്ങൾ അദ്ധ്യാപകർക്ക് ഭൂഷണമല്ല, വലിയൊരു വിഭാഗം വിദ്യാർത്ഥികളുടെ ഭാവിയെ അപകടപ്പെടുത്തുന്നതുമാണ്. ഇപ്പോഴത്തന്നെ നമ്മളെല്ലാം ഗൗരവമായി ആലോചിക്കേണ്ട ഒരു കാര്യമുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇതരസംസ്ഥാനങ്ങളിൽ പോയി പഠിക്കാൻ സാഹചര്യമില്ല. അവിടെ പ്രൊഫഷണൽ കോളേജുകളിലായാലും മറ്റു കോളേജുകളിലായാലും അഡ്മിഷനെല്ലാം തീർന്ന് ഒരു ടേം ഒക്കെ കഴിയുമ്പോൾ പോലും ഇവിടത്തെ പരീക്ഷാഫലം പുറത്തു വരുന്നില്ല. അദ്ധ്യാപകരാണ് കുറക്കുറെന്നു ഞാൻ പറയുന്നില്ല. നിലവിലിരിക്കുന്ന ദുഃഖകരമായ ഒരു സ്ഥിതിവിശേഷമാണിത്. അതിന് ഒരു പോംവഴിയുണ്ടാകേണ്ടിയിരിക്കുന്നു. അതിനു സഹകരിക്കണം. അതേസമയം ഈ നിയമം അതേപടി നിലനിർത്തണമെന്നു ഗവൺമെന്റിനഭിപ്രായമില്ല. അദ്ധ്യാപകസംഘടനകളുമായി ഗവൺമെന്റു ഭാഗത്തുനിന്നു ചർച്ചചെയ്യാം. ഗവൺമെന്റു ഭാഗത്തുനിന്ന് ഞാനവരോടു പറഞ്ഞു നിങ്ങളൊരു നിർദ്ദേശം വയ്ക്കു, സ്വീകാര്യമെങ്കിൽ സ്വീകരിക്കാം എന്ന്. പക്ഷെ ഇതിനു ബദലായി അദ്ധ്യാപക സംഘടനകളുതന്നെ ഒരു നിർദ്ദേശം വയ്ക്കുക എന്നതിൽ അവർക്ക് ബുദ്ധിമുട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് ഗവൺമെന്റുതന്നെ അവരുമായി ചർച്ച ചെയ്തു ഏതു രീതിയിൽ മാറ്റം വരുത്താൻ സാധിക്കുമെന്ന് ആലോചിക്കാം. അതുപോലെ നോൺ കേഡർ പ്രൊഫസർഷിപ്പിന്റെ കാര്യം പറഞ്ഞു. യു. ജി. സി. സ്കെയിൽ നടപ്പാക്കാൻ സാധിക്കുന്നില്ലെങ്കിൽ മറ്റു സംവിധാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് ആലോചിക്കാമെന്നു പറഞ്ഞു. അങ്ങനെ ആലോചിക്കുമ്പോൾ ഇതും ആലോചനാവിഷയമാക്കേണ്ട കാര്യമാണ്. ഇത് നമ്മുടെ സംസ്ഥാനത്തു കോളേജ് അദ്ധ്യാപകർക്കുമാത്രമായി നിൽക്കുകയില്ല. അതുകൊണ്ട് വിശദമായ ഒരു പഠനം നടത്തേണ്ടിയിരിക്കുന്നു. ഏതെല്ലാം മേഖലകളിൽ നമ്മുടെ സംസ്ഥാനത്ത് വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ഇത് എങ്ങനെ സാധിക്കുമെന്നുള്ളതുകൂടി പരിശോധിക്കേണ്ടതുണ്ട്.

പിന്നെ, പല തീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്: പല തീരുമാനങ്ങളും ഫൈനൽ സ്റ്റേറ്റജിൽ ആണ്. ഇതിൽ പി. എസ്. സി. യുടെ കൺകറൻസ് വേണ്ട കാര്യങ്ങളുണ്ട്. വിശദമായ പരിശോധന ആവശ്യമുള്ളവയുണ്ട്. ഗവൺമെൻറ് ഇതു വളരെ ഗൗരവമായിത്തന്നെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. തീരുമാനമുണ്ടാകും. പക്ഷെ ബഹുമാന്യപ്പെട്ട മെമ്പർ അവസാനമായി പറഞ്ഞ ഒരു കാര്യമുണ്ട്. ഒരു വാദപ്രതിവാദത്തിലേക്കു ഞാൻ കടക്കുകയല്ല. തടഞ്ഞുവച്ചിരിക്കുന്ന ശമ്പളമെന്നു പറഞ്ഞു. ഒരു ശമ്പളവും തടഞ്ഞുവച്ചിട്ടില്ല. ജോലി ചെയ്തില്ല, ശമ്പളം കൊടുത്തില്ല. അതാണു ഗവൺമെൻറു സ്വീകരിച്ചിരിക്കുന്ന നയം. അതു പുനരാലോചിക്കണമെന്ന ഡിമാൻഡ് അദ്ധ്യാപക സംഘടനകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. നോൺ ടീച്ചിംഗ് സ്റ്റാഫിൻെറ ഭാഗത്തുനിന്നും അങ്ങനെയൊരാവശ്യമുണ്ട്, അവരും പണിമുടക്കിയിരുന്നു. അതു സംബന്ധിച്ച്, അവസാന തീരുമാനമായിട്ടില്ല. എത്രപേർ പണിമുടക്കിയെന്നും എത്രപേർ പണിമുടക്കിയില്ലെന്നുമുള്ള വാദത്തിലേക്ക് ഞാൻ കടക്കുന്നില്ല. ഗവൺമെൻറ് ശേഖരിച്ച വിവരം വച്ച് ചില കണക്കുകളുണ്ട്. അതു പറയേണ്ട കാര്യമല്ലാത്തതുകൊണ്ട് അതിലേക്കു കടക്കുന്നില്ല.

(ii) കുന്നംകുളം താലൂക്കിൽ നോട്ട്ബുക്ക് നിർമ്മിക്കുന്നവരുടെ പ്രയാസങ്ങൾ

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, കുന്നംകുളത്തും പരിസരത്തും വളരെക്കാലമായി പരമ്പരാഗതമായി ജോലിയിലേർപ്പെട്ടിട്ടുള്ള നോട്ടുബുക്ക് നിർമ്മാണശാലകൾ ഇന്ന് തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവയിൽ രണ്ടായിരത്തോളം തൊഴിലാളികൾ ഉണ്ട്. അതിനോടനുബന്ധിച്ച് ജോലി ലഭിക്കുന്ന പുസ്തകം തുന്നലും ബയൻറിങ്ങും മറ്റും ചെയ്യുന്ന, വീട്ടിലിരുന്ന് ജോലി ചെയ്യുന്ന, തൊഴിലാളികൾ ഉദ്ദേശം അതിൻെറ മൂന്നിരട്ടി വരും. ഈ തൊഴിലാളികൾക്കും ഇന്ന് ജോലി ഇല്ലാത്ത പരിതഃസ്ഥിതിയാണവിടെയുള്ളത്. സംസ്ഥാന ഗവൺമെൻറ് കഴിഞ്ഞ കൊല്ലം മുതൽ നോട്ടുബുക്ക് നിർമ്മാണം സഹകരണ സംഘങ്ങളെ ഏൽപ്പിച്ചതുകൊണ്ട് വളരെ പുരാതന കാലം മുതൽ പരമ്പരാഗതമായി ഈ തൊഴിൽ നടത്തിവന്ന കുന്നംകുളത്തെ എൺപതോളം വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിടേണ്ട ഗതികേടിലേക്ക് എത്തിയിരിക്കുകയാണ്.

അവിടത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മറ്റ് തരത്തിലുള്ള ജോലികൾക്ക് സാദ്ധ്യതയില്ലാത്ത പ്രദേശം എന്ന നിലയ്ക്ക് അവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. അവിടത്തെ തൊഴിലാളികൾ ഇന്ന് മുഴുപ്പട്ടിണിയിലാണ് കഴിഞ്ഞുകൂടുന്നതെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സംസ്ഥാനത്ത് ഒരു പുതിയ നയവ്യതിയാനത്തിൻെറ അടിസ്ഥാനത്തിലാണ് നോട്ട്ബുക്കുകൾ നിർമ്മിക്കുന്ന ജോലി സഹകരണസംഘങ്ങളെ ഏൽപ്പിച്ചത്. 1974-ൽ കേന്ദ്രഗവൺ

LIBRARY ARCHIVES Kerala Legislative Assembly